# നീതിവേദി

www.neethivedhi.org



നീതി ഔദാര്യമല്ല...
അവകാശമാണ്...

# ജനറൽ ബോഡി യോഗം







2023 ഏപ്രിൽ മാസം 27-ാം തിയതി നീതിവേദി ഓഫീസിൽ വെച്ച് വാർഷിക ജനറൽ ബോഡി യോഗം നടന്നു. 2022-23 പ്രവർത്തന വർഷത്തെ വാർഷിക റിപ്പോർട്ട് സെക്രട്ടറി അവതരിപ്പിച്ചു. 2022-23 വർഷത്തെ വാർഷിക കണക്ക്, 2023-24 വർഷത്തെ ബഡ്ജറ്റ് എന്നിവ ട്രഷറർ അവതരിപ്പിച്ചു. റിപ്പോർട്ട്, കണക്ക്, ബഡ്ജറ്റ് എന്നിവ യോഗം പാസ്സാക്കി. ഗവേർണിംഗ് ബോഡി അംഗങ്ങളായി അഡ്വ.ഫാ.സ്റ്റീഫൻ മാത്യു (പ്രസിഡന്റ്), കെ മിനി (വൈസ് പ്രസിഡന്റ്), ഫ്ളയ്സി ജോസ് (സെക്രട്ടറി), ഉണ്ണികൃഷ്ണൻ ചീക്കല്ലൂർ (ജോ.സെക്രട്ടറി), അഡ്വ.ജോമോൾ ജോയി (ട്രഷറർ), എക്സിക്യൂട്ടീവ് മെമ്പർമാരായി അഡ്വ. ഫാ. തോമസ് ജോസഫ് തേരകം, അഡ്വ. മരിയ, കെ.ഐ.തോമസ്, ഇ.ജി.ജോസഫ് എന്നിവരെ തിരഞ്ഞെടുത്തു.

2023-24 വർഷത്തെ പ്രവർത്തനങ്ങൾ സംബന്ധിച്ച് യോഗം ചർച്ച ചെയ്തു. എം എം ഏജൻസിയുടെ സാമ്പത്തിക സഹായം അവസാനിക്കുന്നത് കൊണ്ട് നീതിവേദിയുടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുന്നതിന് വോളണ്ടിയർമാരുടെ സേവനം കൂടുതൽ ആവശ്യമാണെന്ന് അഭിപ്രായമുണ്ടായി. ആദിവാസി വിഭാഗങ്ങളിൽ ആത്മഹത്യകൾ കൂടിവരികയാണെന്നും ഇക്കാര്യത്തിൽ നീതിവേദി ഇടപെടലുകൾ നടത്തണമെന്നും യോഗം ആവശ്യപ്പെട്ടു. നീതിവേദിയുടെ ഇരുപതാം വാർഷികം അന്തർദേശീയ ആദിവാസി ദിനത്തോടനുബന്ധിച്ച് നടത്താൻ തീരുമാനിച്ചു. ആദിവാസികൾ, സ്ത്രീകൾ, കുട്ടികൾ എന്നിവരെ ബാധിക്കുന്ന പ്രധാന വിഷയങ്ങളിൽ ഇടപെടുമ്പോൾ നീതിവേദി ഭാരവാഹികളടങ്ങുന്ന ഒരു ടീം സന്ദർശിക്കുകയും ഫോളോ അപ്പുകൾ നടത്തുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യണമെന്ന് യോഗം അഭിപ്രായപ്പെട്ടു. എല്ലാ മാസവും ഇ-ബുള്ളറ്റിൻ ഇറക്കാൻ തീരുമാനിച്ചു. 30 പേർ പങ്കെടുത്തു.

# ഗവേർണിംഗ് ബോഡി യോഗം

2023 ജൂലൈ 19 ന് ഗവേർണിംഗ് ബോഡി യോഗം ചേർന്നു. അന്തർദേശീയ ആദിവാസി ദിനാചരണവും നീതിവേദിയുടെ 20-ാം വാർഷികാഘോഷവും ആഗസ്റ്റ് 9 ന് നടത്താൻ തീരുമാനിച്ചു. ചെയർമാനായി ശ്രീ വി ടി കുമാറിനെയും കൺവീനറായി ശ്രീമതി ശാന്തിയെയും തിരഞ്ഞെടുത്തു. 14 പേര് പങ്കെടുത്തു.

2023 ഒക്ടോബർ 9 ന് ചേർന്ന ഗവേർണിംഗ് ബോഡി യോഗം കഴിഞ്ഞ 6 മാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി. കുടകിൽ വെച്ച് ആദിവാസികൾ ദുരൂഹസാഹചര്യത്തിൽ മരിക്കുന്നത് സംബന്ധിച്ച് ജില്ലാതലത്തിൽ ഒക്ടോബർ 19 ന് കൽപ്പറ്റ വെച്ച് ചർച്ച നടത്താൻ തീരുമാനിച്ചു. ജനുവരി മാസത്തിൽ ഊരുമൂപ്പൻമാരുടെ പ്രാധാന്യവും ഊരുകൂട്ടവും എന്ന വിഷയത്തെ സംബന്ധിച്ച ഏകദിന വർക്ക്ഷോപ്പ് നടത്താൻ തീരുമാനിച്ചു.





2023 നവംബർ 28 ന് ചേർന്ന ഗവേർണിംഗ് ബോഡി അംഗങ്ങളുടെയും സ്റ്റാഫ് അംഗങ്ങളുടെയും മീറ്റിംഗിൽ എം എം ഏജൻസിയിലെ റ്റോൺ, മരിയ എന്നിവർ സന്നിഹിതരായിരുന്നു. 16 വർഷത്തോളം എം എം ഏജൻസി നീതിവേദിയെ സാമ്പത്തികമായി സഹായിച്ചതിന് നീതിവേദിയുടെ നന്ദിയും സ്നേഹവും അറിയിച്ചു. 16 പേർ പങ്കെടുത്തു.

2024 ഫെബ്രുവരി 19 ന് ഗവേർണിംഗ് ബോഡി അംഗങ്ങളുടെയും സ്റ്റാഫ് അംഗങ്ങളുടെയും യോഗം ചേർന്നു. നീതിവേദിയുടെ 20 വർഷത്തെ എക്സ്റ്റേണൽ ഇവാല്യുവേഷനുമായി ബന്ധപ്പെട്ടും നീതിവേദിയുടെ അടുത്ത 5 വർഷത്തെ പ്രവർത്തനങ്ങൾ സംബന്ധിച്ചും ചർച്ചകൾ നടത്തി. എം എം ഏജൻസിയിലെ ശ്രീ ആംബ്രോസ് ക്രിസ്റ്റി, ഡോ.ജെയിംസ്, ശ്രീമതി ഷബിൻ പോൾ, അഡ്വ.ഫാ.സ്റ്റീഫൻ മാത്യു എന്നിവർ നേതൃത്വം നൽകി. ഏപ്രിൽ 30 ചൊവ്വാഴ്ച വാർഷിക ജനറൽ ബോഡി യോഗം നടത്താൻ തീരുമാനിച്ചു. 18 പേർ പങ്കെടുത്തു.







# നിയമ സഹായം

കുടുംബപ്രശ്നങ്ങൾക്കുപുറമെ ആദിവാസി ഭൂമി, വീട്, റോഡ്, കുടിവെള്ളം, തൊഴിൽ തുടങ്ങിയ വിഷയങ്ങളിൽ 92 പരാതികൾ ലഭിച്ചതിൽ ഇടപെടലുകൾ നടത്തി 47 എണ്ണം പരിഹരിച്ചു.

## നിയമബോധവൽക്കരണ സെമിനാറുകൾ



നീതിവേദിയുടെയും പ്രതീക്ഷയുടെയും സംയുക്താഭിമുഖ്യത്തിൽ സ്ത്രീ- സൗഹൃദ നിയമങ്ങൾ, പോക്സോ, വിദ്യാഭ്യാസ അവകാശ നിയമം, കൗമാര പ്രശ്നങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ 77 ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തി. ക്ലാസ്സുകളിൽ 2217 പേർ പങ്കെടുത്തു. വത്സാ ദേവസ്യ, മിനി സാജു, ഇന്ദുലേഖ, സൂര്യ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.





# സേവനദാതാവ്



സേവനദാതാവ് എന്ന നിലയിൽ ഗാർഹിക അതിക്രമങ്ങൾ സംബന്ധിച്ച് ലഭിച്ച 101 പരാതികളിൽ നീതിവേദി ഇട പെടൽ നടത്തി. 82 പരാതികൾ പരിഹരിച്ചു. 6 കേസുകൾ കോടതിയിൽ ഫയൽ ചെയ്തു. അഡ്വ.ജോമോൾ ജോയി ലീഗൽ കൗൺസിലർ എന്ന നില യിലുള്ള പ്രവർത്തനം തുടരുന്നു.

# ഓറഞ്ച് ദി വേൾഡ് ക്യാമ്പയിൻ

ഓറഞ്ച് ദി വേൾഡ് ക്യാമ്പയിന്റെ ഭാഗമായി വനിതാ ശിശു വികസന വകുപ്പ് സംഘടിപ്പിച്ച ജില്ലാതല അദാലത്തിൽ വയനാട് ജില്ലയിലെ സർവ്വീസ് പ്രൊവൈഡിംഗ് സെന്ററായ നീതിവേദിയിലെ ലീഗൽ കൗൺസിലർ അഡ്വ ജോ മോൾ ജോയി പങ്കെടുത്തു. നീതിവേദിയിലെ രണ്ട് കേസുകൾ അദാലത്തിൽ പരിഗണിച്ചു. ഒരു കേസ് പരിഹരിച്ചു.

വനിതാ ശിശു വികസന വകുപ്പിനു കീഴിൽ വയനാട് ജില്ലയിലെ സർവ്വീസ് പ്രൊവൈഡിംഗ് സെന്ററായ നീതിവേദിയുടെ ആഭിമുഖ്യത്തിൽ ഓറഞ്ച് ദി വേൾഡ് ക്യാമ്പയിന്റെ ഭാഗമായി 2023 ഡിസംബർ 6-ാം തിയതി മീനങ്ങാടി പഞ്ചായത്തിലെ താഴത്തുവയൽ, ഡിസംബർ 8-ാം തിയതി കൽപ്പറ്റ മുനിസിപ്പാലിറ്റി കൗൺസിൽ ഹാൾ, ഡിസംബർ 10-ാം തിയതി കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ ജി എൽ പി സ്ക്കൂൾ എന്നിവിടങ്ങളിൽ വെച്ച് സ്ത്രീകൾക്ക് ഗാർഹിക പീഡന നിരോധന നിയമത്തെക്കുറിച്ച് ബോധവത്ക്ക രണ ക്ലാസ്സ് നൽകി. നീതിവേദി ലീഗൽ കൗൺസിലർ അഡ്വ ജോമോൾ ജോയി, കൗൺസിലർ ശ്രീമതി സൂര്യ, ശ്രീമതി വൽസ, ശ്രീമതി മിനി എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ക്ലാസ്സുകളിൽ 107 പേർ പങ്കെടുത്തു.







# പരിഹാര

നീതിവേദിയുടെ കൗൺസിലറായ ശ്രീമതി സൂര്യ എസ് ബിനു 187 പേർക്ക് ഓഫീസിലും ഫീൽഡിലുമായി കൗൺസിലിംഗ് നൽകി.



# ജില്ലാ പീസ് ഫോറം

2023 മെയ് 15 ന് കോർ ടീം വോളണ്ടിയർമാർ, പഞ്ചായത്ത്/ജില്ലാ പീസ് കമ്മറ്റി ചെയർമാൻ/കൺവീനർമാർ എന്നിവരുടെ മീറ്റിംഗ് സംഘടിപ്പിച്ചു. നീതിവേദി പ്രസിഡന്റ് അഡ്വ.ഫാ.സ്റ്റീഫൻ മാത്യു അദ്ധ്യക്ഷത വഹിച്ച യോഗം ജില്ലാ പീസ് ഫോറം ചെയർമാൻ ശ്രീ കെ ഐ തോമസ് ഉദ്ഘാടനം ചെയ്തു. ജില്ലയിൽ സജീവമായി പ്രവർത്തിക്കുന്ന പഞ്ചായത്തുകളിലെ കർമ്മപദ്ധതികൾ ചർച്ച ചെയ്ത് രൂപീകരിച്ചു. 37 പേര് മീറ്റിംഗിൽ പങ്കെടുത്തു.





# പഞ്ചായത്തുതല പീസ് കമ്മറ്റി



വയനാട് ജില്ലയിൽ 20 പഞ്ചായത്ത് / മുനിസിപ്പാലിറ്റി തല പീസ് കമ്മറ്റി മീറ്റിംഗുകൾ സംഘടിപ്പിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.







# വനിതാ സൗഹൃദ ക്ലബ്

നീതിവേദി വനിതാ സ്റ്റാഫ് അംഗങ്ങളുടെ നേതൃത്വത്തിൽ വയനാട് ജില്ലയിൽ മുൻ വർഷങ്ങളിൽ പ്രവർത്തിച്ചു വന്നിരുന്ന 11 വനിതാ സൗഹൃദ ക്ലബുകൾക്കു പുറമെ 2023 മെയ് 4 ന് വെള്ളമുണ്ട പഞ്ചായത്തിലെ പുലിക്കാട് അരീക്കര കോള നിയിൽ പുതിയ വനിതാ സൗഹൃദ ക്ലബ് രൂപീകരിച്ചു. വനിതാ സൗഹൃദ ക്ലബുകളിൽ ക്രിസ്തുമസ്-പുതുവത്സര ആഘോഷങ്ങൾ നടത്തി.







# വനിതാ സൗഹൃദ ക്ലബ് ഭാരവാഹികളുടെ യോഗം

2023 മെയ് 8 ന് നീതിവേദി ഓഫീസിൽ വെച്ച് വനിതാ ക്ലബ് ഭാരവാഹികളുടെ മീറ്റിംഗ് സംഘടിപ്പിച്ചു. ഗാർഹിക അതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമത്തെ സംബന്ധിച്ച ക്ലാസ്സ് നീതിവേദി ഫീൽഡ് സ്റ്റാഫ് ശ്രീമതി വൽസ ദേവസ്യ ക്ലാസ്സ് നൽകി. ക്ലബ് പ്രവർത്തന വിലയിരുത്തലിനും ഈ വർഷത്തെ പ്രവർത്തന പ്ലാനിംഗിനും ശ്രീമതി ഫ്ളയ്സി ജോസ് നേതൃത്വം നൽകി. 27 പേര് പങ്കെടുത്തു.





# വനിതാ ദിനാഘോഷം








2024 മാർച്ച് 7 ന് നീതിവേദിയുടെ ആഭിമുഖ്യത്തിൽ വനിതാദിനം ആചരിച്ചു. നീതിവേദി ഡയറക്ടർ ശ്രീമതി ഫ്ളയ്സി ജോസ് അദ്ധ്യക്ഷത വഹിച്ച യോഗം മുട്ടിൽ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ശ്രീദേവി ബാബു ഉദ്ഘാടനം ചെയ്തു. വനിതാ സൗഹൃദ ക്ലബിലെ ഏറ്റവും പ്രായം കൂടിയ കുഞ്ഞൂട്ടിയമ്മയെ ആദരിച്ചു. കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ ശ്രീമതി ആയിഷാബി, വനിതാ ക്ലബ് പ്രതിനിധി ശ്രീമതി ലിമ, കോർ ടീം വോളണ്ടിയർ പ്രതിനിധി ശ്രീമതി വൽസ എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. വനിതാ ദിനവും സ്ത്രീകൾ നേരിടുന്ന വെല്ലുവിളികളും പ്രശ്നങ്ങളും എന്ന വിഷയത്തെക്കുറിച്ച് നീതി വേദി ലീഗൽ കൗൺസിലർ അഡ്വ.ജോമോൾ ജോയി ക്ലാസ്സ് നയിച്ചു. പൂക്കോട് വെറ്റിനറി കോളേജിലെ സിദ്ധാർത്ഥിന്റെ മരണത്തിൽ അനുശോചനം രേഖപ്പെടുത്തി. നാടൻ പാട്ട്, ഗ്രൂപ്പ് ഡാൻസ്, ക്വിസ് മത്സരം, കസേരകളി, ബലൂൺ പൊട്ടിക്കൽ തുടങ്ങിയ മത്സരങ്ങളും വനിതകൾക്കായി സംഘടിപ്പിച്ചു. വിജയികൾക്ക് നീതിവേദി പ്രസിഡന്റ് അഡ്വ.ഫാ.സ്റ്റീഫൻ മാത്യു സമ്മാനങ്ങൾ വിതരണം ചെയ്തു. വനിതാ സൗഹൃദ ക്ലബ്, കോർ ടീം അംഗങ്ങൾ എന്നിവരടങ്ങിയ 72 പേർ പങ്കെടുത്തു.








# യുവജന സൗഹൃദ ക്ലബ്ബ്

നീതിവേദി ഫീൽഡ് കോ-ഓർഡിനേറ്ററുടെ നേതൃത്വത്തിൽ വയനാട് ജില്ലയിൽ 6 യുവജന സൗഹൃദ ക്ലബുകൾ പ്രവർത്തിച്ചുവരുന്നു. യുവജന സൗഹൃദ ക്ലബുകളിൽ ക്രിസ്തുമസ്-പുതുവത്സര ആഘോഷങ്ങൾ നടത്തി.

2024 മാർച്ച് മാസം പൊൻകുഴി യുവജന സൗഹൃദക്ലബിൽ 15 വയസ്സിനു മുകളിലുള്ള എല്ലാവരും ഒരുമിച്ച് ചേർന്ന് പി.എസ്.സി പരിശീലനം നടത്താൻ തീരിമാനിച്ചു. നീതിവേദിയിൽ നിന്നും ബുക്കുകൾ വിതരണം ചെയ്തു. കോളനിയിലെ മദ്യം-മയക്കുമരുന്ന് ഉപയോഗം തടയുന്നതിനായി ആന്റി ഡ്രഗ് സ്ക്വാഡ് രൂപീകരിച്ചു.







# യുവജന സൗഹൃദ ക്ലബ്ബ് പരിശീലന പരിപാടി

2023 ജൂൺ 27 ന് കൽപ്പറ്റ എം ജി റ്റി ഹാളിൽ വെച്ച് ഏകദിന യുവജന പരിശീലന പരിപാടി സംഘടിപ്പിച്ചു. നീതിവേദി പ്രസിഡന്റ് അഡ്വ ഫാ സ്റ്റീഫൻ മാത്യു ഉത്ഘാടനം ചെയ്തു. പരിശീലനത്തിന് ശ്രീ മാത്യൂസ് വയനാട് നേതൃത്വം നൽകി. 55 പേർ പങ്കെടുത്തു.





# വിദ്യാർത്ഥി സൗഹൃദ ക്ലബ്

നീതിവേദി ഫീൽഡ് സ്റ്റാഫ് അംഗങ്ങളുടെ നേതൃത്വത്തിൽ വയനാട് ജില്ലയിൽ മുൻ വർഷങ്ങളിൽ നിലവിലുണ്ടായിരുന്ന 9 വിദ്യാർത്ഥി സൗഹൃദ ക്ലബുകൾക്കു പുറമെ വെള്ളമുണ്ട പഞ്ചായത്തിലെ പുലിക്കാട് അരീക്കര, പുൽപ്പള്ളി പഞ്ചായത്തിലെ കരിമം, മീനങ്ങാടി പഞ്ചായത്തിലെ അടിച്ചിലാടി, മൂപ്പൈനാട് ഗ്രാമപഞ്ചായത്തിലെ കടച്ചിക്കുന്ന്, കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ മുണ്ടേരി കോളി മൂല, വെള്ളമുണ്ട പഞ്ചായത്തിലെ കുന്നമംഗലം എന്നീ 6 വിദ്യാർത്ഥി സൗഹൃദ ക്ലബുകൾ കൂടി പുതിയതായി രൂപീകരിച്ചു. വിദ്യാർത്ഥി സൗഹൃദ ക്ലബുകളിൽ കുട്ടികൾ സ്വാതന്ത്ര്യദിനം, ഗാന്ധിജയന്തി, ക്രിസ്തുമസ്, ന്യൂ ഇയർ തുടങ്ങിയവ ആഘോഷിച്ചു. വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.






## വിദ്യാർത്ഥി സൗഹൃദ ക്ലബ് ഫെസിലിറ്റേറ്റർമാർക്ക് പരിശീലനം/മീറ്റിംഗ്

2023 മെയ് 12 ന് നീതിവേദി ഓഫീസിൽ വെച്ച് ആദിവാസി വിദ്യാർത്ഥി സൗഹൃദക്ലബ് ഫെസിലിറ്റേറ്റർമാർക്കായി പരിശീലന പരിപാടി സംഘടിപ്പിച്ചു. ശ്രീ മാത്യൂസ് വയനാട് പരിശീലനത്തിന് നേതൃത്വം നൽകി. ക്ലബുതലത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച ചർച്ചകൾ നടത്തി.

2023 സെപ്റ്റംബർ 7 ന് വിദ്യാർത്ഥി സൗഹൃദക്ലബ് ഫെസിലിറ്റേറ്റർമാർക്ക് പരിശീലന പരിപാടി സംഘടിപ്പിച്ചു. കപ്പുച്ചിൻ റീജൻസി ബ്രദേഴ്സ് നേതൃത്വം നൽകി.
2023 നവംബർ 4 ന് നീതിവേദി ഓഫീസിൽ വെച്ച് വിദ്യാർത്ഥി സൗഹൃദ ക്ലബ് ഫെസിലിറ്റേർമാരുടെ മീറ്റിംഗ് സംഘടിപ്പിച്ചു. വിദ്യാർത്ഥി സൗഹൃദക്ലബ് പ്രവർത്തനങ്ങൾ വിലയിരുത്തി. പോക്സോ നിയമത്തെക്കുറിച്ചും കൗമാരക്കാരായ കുട്ടികളിലെ മാറ്റങ്ങൾ സംബന്ധിച്ചും നീതിവേദി കൗൺസിലർ ശ്രീമതി സൂര്യ എസ് ബിനു ക്ലാസ്സ് നൽകി.

2024 ഫെബ്രുവരി 28 ന് നീതിവേദി ഓഫീസിൽ വെച്ച് സ്റ്റുഡന്റ്സ് ഹാർമണി ക്ലബ് ഫെസിലിറ്റേറ്റർമാരുടെ മീറ്റിംഗ് സംഘടിപ്പിച്ചു. പ്രവർത്തനങ്ങൾ വിലയിരുത്തി.




# ശിശുദിനാഘോഷം

2023 നവംബർ 11 ശനിയാഴ്ച കൈനാട്ടി പദ്മപ്രഭാഗ്രന്ഥാലയത്തിൽ വെച്ച് ആദിവാസി വിദ്യാർത്ഥി സൗഹൃദക്ലബ് വിദ്യാർത്ഥികളുടെ ശിശുദിനാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. ശ്രീമതി നെല്ലമ്മ ഉദ്ഘാടനം ചെയ്തു. ശ്രീമതി ശോശാമ്മ ശിശുദിന സന്ദേശം നൽകി. ശിശുദിനാഘോഷത്തിന്റെ ഭാഗമായി നാടൻപാട്ട്, ഗ്രൂപ്പ് ഡാൻസ്, പ്രച്ഛന്നവേഷം, ക്വിസ് മത്സരം എന്നീ മത്സരങ്ങൾ നടത്തി. മത്സരവിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. വിവിധ ക്ലബുകളിൽ നിന്നായി 67 പേർ പങ്കെടുത്തു.





# കനൽ ക്യാമ്പ്






2023 ജൂൺ 10,11 തിയതികളിൽ മാനന്തവാടി പാവനയിൽ വെച്ച് വിദ്യാർത്ഥി സൗഹൃദ ക്ലബ് കുട്ടികൾക്കായി കനൽ ക്യാമ്പ് നടത്തി. ആദ്യ ദിവസം ശ്രീ മാത്യൂസ് വയനാട് വിവിധ ഗെയിമുകളിലൂടെയും പ്രവർത്തനങ്ങളിലൂടെയും കുട്ടികൾക്ക് നേതൃത്വ പരിശീലനം നൽകി. വൈകുന്നേരം കുട്ടികളുടെ കലാസന്ധ്യ നടത്തി. രണ്ടാം ദിവസം ശ്രീമതി മിനി സാജു, ശ്രീമതി സൂര്യ എസ് ബിനു എന്നിവർ പോക്സോ നിയമത്തെ സംബന്ധിച്ചും കൗമാര കാലഘട്ടത്തെ മാറ്റങ്ങൾ സംബന്ധിച്ചും ക്ലാസ്സുകൾ നൽകി. തുടർന്ന് ക്യാമ്പ് വിലയിരുത്തലും നടത്തി. 50 പേർ പങ്കെടുത്തു.

2023 ആഗസ്റ്റ് 26,27 തിയതികളിൽ മാനന്തവാടി പാവനയിൽ വെച്ച് ആദിവാസി വിദ്യാർത്ഥി സൗഹൃദ ക്ലബ് അംഗങ്ങളുടെ കനൽ ക്യാമ്പ് സംഘടിപ്പിച്ചു. ആഗസ്റ്റ് 26 ന് രാവിലെ 11 മണിയ്ക്ക് തലപ്പുഴ മക്കിമല ജീപ്പ് അപകടത്തിൽ മരിച്ച അമ്മമാർക്ക് നിത്യശാന്തി നേർന്ന് പ്രാർത്ഥിച്ചു. ഗുഡ് ടച്ച് & ബാഡ് ടച്ച് സംബന്ധിച്ച് നീതിവേദി കൗൺസിലർ ശ്രീമതി സൂര്യ എസ് ബിനു ക്ലാസ്സ് നയിച്ചു. ഉച്ചക്ക്ശേഷം ചുണ്ടേ സ്ക്കൂളിലെ അദ്ധ്യാപകനായ ശ്രീ റോയിസൺസർ മോട്ടിവേഷൻ ക്ലാസ്സ് നൽകി. തുടർന്ന് കലാസന്ധ്യ നടത്തി. ആഗസ്റ്റ് 27 ന് രാവിലെ സൂര്യയുടെ നേതൃത്വത്തിൽ യോഗ നടത്തി. തുടർന്ന് ശ്രീ പ്രവീൺ കുമാർ ലീഡർഷിപ്പ് ക്ലാസ്സ് നൽകി. അതിനുശേഷം ഓണപ്പരിപാടികൾ നടത്തി. 40 പേർ പങ്കെടുത്തു.

2023 സെപ്റ്റംബർ 9 ന് പുൽപ്പള്ളി കരിമം, വെള്ളമുണ്ട കരിങ്ങാരി, മുട്ടിൽ അടുവാടിവയൽ, മീനങ്ങാടി അടിച്ചിലാടി എന്നിവിടങ്ങളിലും 2023 സെപ്റ്റംബർ 16 ന് പൊൻകുഴി, കോളിമൂല, പന്തളം എന്നിവിടങ്ങളിലും യുവജന-വിദ്യാർത്ഥി സൗഹൃദക്ലബ് അംഗങ്ങൾക്കായി ഏകദിന ക്യാമ്പുകൾ സംഘടിപ്പിച്ചു. കപ്പുച്ചിൻ റീജൻസി ബ്രദേഴ്സ് പരിശീലകരായിരുന്നു. 209 പേർ ഏകദിന ക്യാമ്പുകളിൽ പങ്കെടുത്തു.



ജനുവരി 13,14 തിയതികളിൽ മാനന്തവാടി പാവന സെന്ററിൽ വെച്ച് ആദിവാസി വിദ്യാർത്ഥി സൗഹൃദക്ലബ് അംഗങ്ങൾക്കായി കനൽ ക്യാമ്പ് സംഘടിപ്പിച്ചു. മൊബൈൽ ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങൾ, പരീക്ഷ എങ്ങനെ സുഗമമാക്കാം എന്നീ വിഷയങ്ങളെ സംബന്ധിച്ച ക്ലാസ്സും ആരോഗ്യവും ഭക്ഷണശീലങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള സംവാദവും നടത്തി. ക്യാമ്പിലെ വിവിധ ഗെയിമുകളും കലാസന്ധ്യയും കുട്ടികൾക്ക് നല്ല അനുഭവമായിരുന്നു. നീതിവേദി സ്റ്റാഫ് അംഗങ്ങൾ ക്യാമ്പിന് നേതൃത്വം നൽകി. 43 പേർ ക്യാമ്പിൽ പങ്കെടുത്തു.









# നീതിവേദിയുടെ 20-ാം വാർഷികവും അന്തർദേശീയ ആദിവാസി ദിനാചരണവും



2023 ആഗസ്റ്റ് 9 ന് നീതിവേദിയുടെ 20–ാം വാർഷികവും അന്തർദേശീയ ആദിവാസി ദിനാചരണവും മീനങ്ങാടി കമ്മ്യൂണിറ്റി ഹാളിൽ വെച്ച് സംഘടിപ്പിച്ചു. 320 പേർ പങ്കെടുത്തു. നീതിവേദി പ്രസിഡന്റ് അഡ്വ.ഫാ.സ്റ്റീഫൻ മാത്യു സ്വാഗതം ആശംസിച്ചു. അഡ്വ.ഫാ.തോമസ് ജോസഫ് തേരകം അദ്ധ്യക്ഷത വഹിച്ച യോഗം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി ബിന്ദു ടീച്ചർ ഉദ്ഘാടനം ചെയ്തു. മീനങ്ങാടി പഞ്ചായത്ത് പ്രസിഡന്റ് ശ്രീ കെ ഇ വിനയൻ മുഖ്യപ്രഭാഷണം നടത്തി. കണിയാമ്പറ്റ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി രജിത, മീനങ്ങാടി പഞ്ചായത്ത് മെമ്പറും പ്രോഗ്രാം കൺവീനറുമായ ശ്രീമതി ശാന്തി എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. നീതിവേദി വൈസ് പ്രസിഡന്റ് ശ്രീമതി കെ മിനി നന്ദി പറഞ്ഞു.













ജില്ലാ,സംസ്ഥാന,ദേശീയ തലത്തിൽ ആദിവാസി മേഖലയിലെ പ്രതിസന്ധികൾ സംബന്ധിച്ച് ശ്രീ വി.ടി കുമാർ, ശ്രീമതി ചിത്ര നിലമ്പൂർ, ശ്രീ പി സി ജോസ് എന്നിവരുടെ പാനൽ ചർച്ച നടത്തി. പട്ടിക വർഗ്ഗ വകുപ്പ് റിട്ടയേർഡ് ജോ. ഡയറക്ടർ ശ്രീ ഇ ജി ജോസഫ് മോഡറേറ്ററായിരുന്നു.


ആദിവാസി മേഖലയിലും സാമൂഹ്യരംഗത്തും കഴിവുതെളിയിച്ച കുമാരി മിന്നുമണിക്കുവേണ്ടി അമ്മ വസന്തയെയും, പിന്നണി ഗായിക കുമാരി രേണുക, ശ്രീമതി ചിത്ര നിലമ്പൂർ, ശ്രീ രാജഗോപാൽ, ശ്രീ വി ടി കുമാർ, ശ്രീമതി വെള്ളമ്മ, ശ്രീമതി മാക്കമ്മ, ശ്രീ അജി തോമസ്, ശ്രീമതി വിനയ, ശ്രീമതി മൈമൂന, ശ്രീമതി ശാന്തി സുനിൽ, എന്നിവരെ ആദരിച്ചു. തുടർന്ന് ഗോത്രകലാപരിപാടികൾ അവതരിപ്പിച്ചു. 5 മണിയോടെ പരിപാടികൾ അവസാനിച്ചു.





# കുടക് പ്രശ്നങ്ങൾ

2023 ഒക്ടോബർ 19 ന് കൽപ്പറ്റ എം ജി റ്റി ഹാളിൽ വെച്ച് കുടകിലെ ദുരൂഹമരണങ്ങളും ഇടപെടലുകളും സംബന്ധിച്ച യോഗം ചേർന്നു. കുടക് പ്രശ്നവുമായി ബന്ധപ്പെട്ട് നീതിവേദി മുൻപ് നടത്തിയ പ്രവർത്തനങ്ങൾ പ്രസിഡന്റ് അഡ്വ ഫാ സ്റ്റീഫൻ മാത്യു വിശദീകരിച്ചു. തിരുനെല്ലിയിൽ മരണമടഞ്ഞ ശ്രീ ബിനീഷിന്റെ സഹോദരൻ ചന്ദ്രൻ ബന്ധപ്പെട്ട കാര്യങ്ങൾ വിശദീകരിച്ചു. മരണപ്പെടുകയും ചൂഷണങ്ങൾക്ക് വിധേയരാകുകയും ചെയ്തവരുടെ വീടുകൾ സന്ദർശിച്ച് എത്രയും വേഗം വിവരങ്ങൾ ശേഖരിക്കാനും തുടർന്ന് കുടകിലെ സന്നദ്ധ സംഘടനകളെ സന്ദർശിക്കാനും അഭിപ്രായമുണ്ടായി. ജില്ലാ കളക്ടർ, എം.എൽ.എ മാർ, എം.പി, എസ്.സി.എസ്.ടി കേന്ദ്ര–സംസ്ഥാന തലങ്ങളിലും മനുഷ്യാവകാശ കമ്മീഷനും നിവേദനങ്ങൾ നൽകാനും തീരുമാനിച്ചു. എം എൽ എ യുമായി സംസാരിച്ച് തിരുനെല്ലി, നൂൽപ്പുഴ പഞ്ചായത്തുകളിൽ ഊരുമൂപ്പൻമാരെയും ട്രൈബൽ പ്രൊമോട്ടർമാരെയും ഉൾപ്പെടുത്തി കുടകിലേക്ക് ഇഞ്ചിപ്പണിക്ക് പോകുന്നതും പോകുന്നവർ അറിഞ്ഞിരിക്കേണ്ട മുൻകരുതലുകളും ശ്രദ്ധിക്കേണ്ട കാര്യങ്ങളും സംബന്ധിച്ച ബോധവത്ക്കരണ ക്ലാസ്സുകളും സംഘടിപ്പിക്കാനും തീരുമാനിച്ചു. 20 പേർ പങ്കെടുത്തു.





ആദിവാസികൾ കുടകിൽ പോയി ദുരൂഹമരണങ്ങളും പീഡനങ്ങളും സംഭവിക്കുന്നതുമായി ബന്ധപ്പെട്ട് നൂൽപ്പുഴ പഞ്ചായത്തിന്റെയും നീതിവേദി യുടെയും ആഭിമുഖ്യത്തിൽ 2023 ഡിസംബർ 7 ന് നൂൽപ്പുഴ കുടുംബശ്രീ ഹാളിൽ വെച്ച് ഊരുമൂപ്പൻമാരുടെയും പഞ്ചായത്ത് മെമ്പർമാരുടെയും പ്രൊമോട്ടർമാരുടെയും ആദിവാസി നേതാക്കളുടെയും യോഗം ചേർന്നു. ഊരുകൂട്ടം ശക്തിപ്പെടുത്താനും ഊരുകളിൽ നിന്നും കുടകിലേക്ക് പോകുന്നവരുടെ വിവരങ്ങൾ ഊരുമൂപ്പൻമാർ ശ്രദ്ധിക്കുന്നതിനും തീരുമാനിച്ചു. മദ്യം-മയക്കുമരുന്ന് ഉപയോഗം കുറക്കുന്നതിനും ശ്രദ്ധിക്കുന്നതിനുമായി പഞ്ചായത്ത് തലത്തിലും ഓരോ വാർഡിലും നിരീക്ഷണ സമിതികൾ രൂപീകരിക്കാനും തീരുമാനിച്ചു. നീതിവേദി പ്രസി ഡന്റ് അഡ്വ.ഫാ. സ്റ്റീഫൻ മാത്യുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം നൂൽപ്പുഴ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഷീജ സതീഷ് ഉത്ഘാടനം ചെയ്തു. ശ്രീ ഇ.ജി ജോസഫ് (റിട്ട. ജോയിന്റ് ഡയറക്ടർ, പട്ടിക വർഗ്ഗ വകുപ്പ്), ശ്രീ ബിജു കാക്കത്തോട്, ശ്രീ കരുണാകരൻ ഊരുമൂപ്പൻ, ശ്രീ ഗോപിനാഥൻ മെമ്പർ, ശ്രീ ഗണപതി ഊരുമൂപ്പൻ, ശ്രീമതി അഖില മെമ്പർ എന്നിവർ സംസാരിച്ചു. 49 പേർ പങ്കെടുത്തു.

കുടകിൽ വെച്ചുണ്ടായ ദുരൂഹമ രണ ങ്ങളുടെയും കാണാതായവരു ടെയും വിവരശേഖരണം (41 പേരുടെ) നടത്തുകയും ജില്ലാ കളക്ടർ, എം.പി, എസ്.സി.എസ്.ടി കേന്ദ്ര-ദേശീയ തലങ്ങളിലും മനുഷ്യാവകാശ കമ്മീ-ഷനും നിവേദനങ്ങൾ നൽകുകയും ചെയ്തു.



2024 ജനുവരി 30 ന് നൂൽപ്പുഴ പഞ്ചായത്തിലെ മുത്തങ്ങ പുത്തരി ക്ലബിൽ വെച്ച് കുടക് പ്രശ്നങ്ങളുമായി ബന്ധപ്പെട്ട യോഗം സംഘടിപ്പിച്ചു. പുത്തരി ഗ്രന്ഥാലയ കാര്യസ്ഥൻ ഫാ. ജെയിംസ് ചക്കാലയ്ക്കൽ അദ്ധ്യക്ഷത വഹിച്ചു. 9-ാം വാർഡ് മെമ്പർ ശ്രീ ബാലൻ വി ഉദ്ഘാടനം ചെയ്തു. 8-ാം വാർഡ് മെമ്പർ ശ്രീ ഗോപിനാഥൻ മുഖ്യപ്രഭാഷണം ചെയ്തു. ശ്രീ ഇ.ജി ജോസഫ് സാർ ക്ലാസ്സ് എടുത്തു. ശ്രീമതി മിനി സാജു നേതൃത്വം നൽകി. 17 പേർ പങ്കെടുത്തു.





# ആദിവാസി നേതാക്കളുടെ യോഗം





2023 ഡിസംബർ 14 ന് നീതിവേദി ഓഫീസിൽ വെച്ച് ആദിവാസി നേതാക്കളുടെയും ആദിവാസി മേഖലയിൽ പ്രവർത്തിക്കുന്നവരുടെയും മീറ്റിംഗ് സംഘടിപ്പിച്ചു. ആദിവാസി മേഖലയിലെ പ്രധാന പ്രശ്നങ്ങൾ ചർച്ച ചെയ്തു. ആദിവാസി മേഖലയിലെ പ്രശ്നങ്ങളിൽ ഇടപെടൽ നടത്തുന്നതിനായി കൂട്ടായ പ്രവർത്തനം ആവശ്യമാണെന്ന് യോഗം അഭിപ്രായപ്പെട്ടു. ഇതിന്റെ ഭാഗമായി 2023 ജനുവരി 19, 20 തിയതികളിൽ മീനങ്ങാടി ഓയ്സ്ക്കയിൽ വെച്ച് ജില്ലാ കോർഡിനേഷൻ കമ്മറ്റി രൂപീകരണ യോഗം സംഘടിപ്പിക്കാൻ തീരുമാനിച്ചു. പ്രസ്തുത മീറ്റിംഗിനായി ശ്രീ ബിജു കാക്കത്തോട് (ചെയർമാൻ), ശ്രീ മണികണ്ഠൻ (കൺവീനർ), ശ്രീ ജ്യോതിഷ് കുമാർ മേപ്പാടി, ശ്രീ സുരേഷ് ബാബു നെൻമേനി എന്നിവരടങ്ങുന്ന അഡ്ഹോക് കമ്മറ്റി രൂപീകരിച്ചു. മീറ്റിംഗിൽ 18 പേർ പങ്കെടുത്തു.

# മൈക്രോപ്ലാൻ

2023 ഒക്ടോബർ / നവംബർ മാസത്തിൽ മീനങ്ങാടി പഞ്ചായത്തിലെ പന്തളം, കണിയാമ്പറ്റ പഞ്ചായത്തിലെ അമ്പലച്ചാൽ, പടിഞ്ഞാറേവീട്, എടവക പഞ്ചായത്തിലെ ചെറുവയൽ എന്നീ നാല് മൈക്രോപ്ലാനുകൾ തയ്യാറാക്കുകയും അവലോകന യോഗങ്ങൾ കൂടുകയും പഞ്ചായത്തിൽ സമർപ്പിക്കുകയും ചെയ്തു.

## എം എം എക്സ്റ്റേണൽ ഇവാല്യുവേഷൻ

എം. എം. ഏജൻസിയുടെ സഹായത്തോടെ നീതിവേദിയുടെ 20 വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കി.



# ന്യൂസ് ബുള്ളറ്റിൻ

പ്രവർത്തന വർഷത്തിൽ നീതിവേദിയുടെ ഒരു സ്പെഷ്യൽ ബുള്ളറ്റിനും 3 ഇ–ബുള്ളറ്റിനും തയ്യാറാക്കി.

# സ്റ്റാഫ് റിവ്യൂ മീറ്റിംഗ്/പരിശീലനം

പ്രതിമാസ പ്രവർത്തനങ്ങൾ വിലയിരുത്താനും കർമ്മപരിപാടികൾ ആവിഷ്ക്കരിക്കാനുമായി സ്റ്റാഫ് അംഗങ്ങൾ നീതിവേദി ഭാരവാഹികളുമായി എല്ലാ മാസവും ഒത്തുചേരുന്നു.

2023 മെയ് 2 ന് നീതിവേദി ഓഫീസിൽ വെച്ച് സ്റ്റാഫ് ട്രെയിനിംഗ് സംഘടിപ്പിച്ചു. പരാതി തയ്യാറാക്കൽ, കോടതി നടപടിക്രമങ്ങൾ, ഡിവി ആക്റ്റ്, പോക്സോ ആക്റ്റ് തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച് അഡ്വ.ഫാ.സ്റ്റീഫൻ മാത്യു, ശ്രീ അനീഷ് ബാബു, ശ്രീമതി ഫ്ളയ്സി ജോസ് എന്നിവർ ക്ലാസ്സ് നൽകി. 9 പേര് പങ്കെടുത്തു.

2023 ആഗസ്റ്റ് 24 ന് നീതിവേദി ഓഫീസിൽ വെച്ച് നീതിവേദി സ്റ്റാഫ് അംഗങ്ങളുടെ ഓണാഘോഷവും സ്റ്റാഫ് മീറ്റിംഗും നടന്നു. ഓണപ്പൂക്കളം ഒരുക്കുകയും ഓണപ്പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു.









# മറ്റ് ഇടപെടലുകൾ

2023 മെയ് 27 ന് നീതിവേദി പ്രവർത്തകർ തൊ ർനാട് പഞ്ചാ-യത്തിലെ കടയിങ്ങൽ കോളനി സന്ദർശിച്ചു. തുടർച്ചയായ രണ്ട് മരണങ്ങൾ സംഭവിച്ച സാഹചര്യത്തിൽ കോളനിയിലെ എല്ലാവ രെയും കണ്ട് സംസാ രിച്ചു.

2023 ജൂലൈ 3 ന് എസ് സി എസ് ടി കമ്മീഷന് വയനാട് ജില്ലയിലെ കൈനാട്ടി ജനറൽ ആശുപത്രിയിലെ തുടർച്ചയായ പ്രസവാനന്തര മരണങ്ങളുടെ കാര്യത്തിൽ അന്വേഷണം നടത്തുന്നത് സംബന്ധിച്ച് പരാതി നൽകി.

2023 ഒക്ടോബർ 4 ന് കുടകിൽ വെച്ച് മരണപ്പെട്ട തിരുനെല്ലി ബാവലി ഷാണമംഗലം കോളനിയിലെ ബിനീഷിന്റെ വീട് തിരുനെല്ലി പീസ് കമ്മറ്റി അംഗങ്ങളും നീതിവേദി പ്രവർത്തകരും സന്ദർശി-ക്കുകയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു.

2023 നവംബർ 15 ന് നീതിവേദി പ്രവർത്തകരായ ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീ അനീഷ് ബാബു, ശ്രീമതി മിനി, ശ്രീമതി വൽസ തങ്കച്ചൻ, ശ്രീമതി സുമി, ശ്രീമതി ശാന്തി, ശ്രീ ശിവരാമൻ, ശ്രീ ജെയിംസ് തോമസ് എന്നിവർ മരണമടഞ്ഞ അമ്പലവയൽ പഞ്ചായത്തിലെ പീസ് കമ്മറ്റി ചെയർമാനായിരുന്ന ശ്രീ നിജീ ഷിന്റെ വീട്ടിൽ പോകുകയും അനുശോ ചനം രേഖപ്പെടുത്തുകയും ചെയ്തു.

2023 ഡിസംബർ മാസം 4-ാം തിയതി ശ്രീമതി വൽസ ദേവസ്യ, ഫ്ളയ്സി ജോസ് എന്നിവർ ആക്സിഡന്റായി കിടക്കുന്ന നീതി വേദി മുൻ ഗവേർണിംഗ് ബോഡി അംഗമായ ശ്രീമതി റുക്കിയ ടീച്ചറിനെ സന്ദർശിച്ചു.

2023 ഡിസംബർ മാസം 7-ാം തിയതി ഫാ. സ്റ്റീഫൻ മാത്യു, ഇ ജി ജോസഫ്, ഫ്ളയ്സി ജോസ്, അനീഷ് ബാബു എന്നിവർ സുഖമില്ലാതെ കിടക്കുന്ന നീതിവേദി മുൻ ഗവേർണിംഗ് ബോഡി അംഗമായ ശ്രീ ജോസ് സെബാസ്റ്റ്യൻ സാറിനെ സന്ദർശിച്ചു.

2023 ഡിസംബർ 12 ന് കുടക് പ്രശ്ന വുമായി ബന്ധപ്പെട്ട നിവേദനവും കണിയാമ്പറ്റ പഞ്ചായത്തിലെ അമ്പലച്ചാൽ പുനരധിവാസത്തിന്റെ പരാതിയും ജില്ലാ കളക്ടറെ ശ്രീമതി വൽസ, ഫ്ളയ്സി ജോസ് എന്നിവർ നേരിൽ കണ്ട് സമർപ്പിച്ചു.

2024 ഫെബ്രുവരി മാസം 5-ാം തിയതി കിർത്താഡ്സിലെ പ്രോജക്ട് റിസർച്ച് ഓഫീസർമാരായ ശ്രീമതി വിഷ്ണു പ്രിയ, ശ്രീമതി സബീറ, പ്രോജക്ട് റിസർച്ച് അസിസ്റ്റന്റുമാരായ ശ്രീമതി ധന്യ, ശ്രീമതി ജയസൂര്യ എന്നിവർ ആദിവാസി കേസുകൾ കൈകാര്യം ചെയ്യുന്നതിനെക്കുറിച്ചും കേസുകളെക്കുറിച്ചും അറിയുന്നതിനായി നീതിവേദി സന്ദർശിച്ചു. ശ്രീമതി ഫ്ളയ്സി ജോസ്, അഡ്വ. ജോമോൾ ജോയി എന്നിവർ സംസാരിച്ചു.

2024 ഫെബ്രുവരി 20 ന് മുപ്പൈനാട് ഗ്രാമപഞ്ചായത്തിലെ പാലച്ചുരം കാട്ടു നായ്ക്ക കോളനിയിലെ ശ്രീജിത്തിന്റെ മരണ വുമായി ബന്ധപ്പെട്ട് ശ്രീ ജ്യോതിഷ് കുമാർ അന്വേഷണം നടത്തി.

2024 ഫെബ്രുവരി 21 ന് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ എൽ.എൽ.എം വിദ്യാർത്ഥികളും അദ്ധ്യാപകരും അടങ്ങി 28 പേര് നീതിവേദി സന്ദർശിക്കുകയും പ്രവർത്തനങ്ങൾ മനസ്സിലാക്കുകയും ചെയ്തു. നീതിവേദി പ്രവർത്തനങ്ങൾ സംബന്ധിച്ച് ശ്രീമതി ഫ്ളയ്സി ജോസ്, കേസു കൾ സംബന്ധിച്ച് അഡ്വ ജോമോൾ ജോയി എന്നിവർ സംസാരിച്ചു. തുടർന്ന് മുട്ടിൽ പരി യാരം, മീനങ്ങാടി താഴത്തുവയൽ വനിതാ ക്ലബുകൾ എന്നിവയും സന്ദർശിച്ചു. ശ്രീമതി വൽസ ദേവസ്യ, ശ്രീമതി മിനി സാജു എന്നിവർ നേതൃത്വം നൽകി.

2024 ഫെബ്രുവരി 28 ന് മേപ്പാടി ഗ്രാമപഞ്ചായത്തിലെ ചെമ്പോത്തറ പണിയ കോളനിയിലെ ബബിലേഷ് (8 വയസ്സ്) തൂങ്ങി മരിച്ചതുമായി ബന്ധപ്പെട്ട് ശ്രീ ജ്യോതിഷ് കുമാർ അന്വേഷണം നടത്തി.

2024 മാർച്ച് 14 ന് പൂക്കോട് വെറ്റിനറി കോളേജിലെ സിദ്ധാർത്ഥിന്റെ മരണവുമായി ബന്ധപ്പെട്ട് 'കലാലയങ്ങൾ കലാപഭൂമിയാക്ക രുത്' എന്ന സംസ്ഥാന തല ക്യാമ്പയിന്റെ ഭാഗ മായി അമ്മമാരുടെ നേതൃത്വത്തിൽ നടന്ന പ്രതി ഷേധ കൂട്ടായ്മയിൽ നീതിവേദിയിൽ നിന്നും ഫ്ളയ്സി ജോസ്, വൽസ ദേവസ്യ, മിനി സാജു, ജൂബിലി, സൂര്യ എന്നിവർ പങ്കെടുത്തു.

# നീതിവേദിയുടെ ഇടപെടലുകൾ വഴി ലഭിച്ച ആനുകൂല്യങ്ങൾ

| നമ്പർ | ആനുകൂല്യങ്ങൾ | വ്യക്തികൾ | തുക |
|---|---|---|---|
| 1 | പെൻഷൻ | 3 | |
| 2 | വീട് നിർമ്മാണം | 1 | 100000 |
| 3 | വിദ്യാഭ്യാസ സഹായം | 1 | 8,930 |
| 4 | സ്ക്കൂൾ അഡ്മിഷൻ | 6 | |
| 5 | ചികിത്സാ സഹായം | 18 | 1,57,450 |
| 6 | തൊഴിലുറപ്പ് കാർഡ് | 19 | |
| 7 | ഡെത്ത് (മരണ) സർട്ടിഫിക്കറ്റ് | 2 | |
| 8 | റേഷൻകാർഡ് | 1 | |
| 9 | ടാർപോളിൻ ഷീറ്റ് | 15 | |
| | ഫുഡ് കിറ്റ് | 1 | 3435 |
| 10 | ഗാർഹിക പീഡനത്തിന് വിധേയരായവർക്ക് ധനസഹായം | 7 | 1,75,000 |
| 11 | കോടതി ഉത്തരവ് അനുസരിച്ച് ലഭിച്ച തുക | 2 | 76,000 |
| 11 | മീഡിയേഷൻ വഴി ലഭിച്ച ധന സഹായം | | |
| | • പണം | 3 | 17,000 |
| | • പ്രതിമാസ ജീവനാംശം | 6 | 14,500 |
| | • സ്വർണ്ണം | 5 | 41.5 പവൻ |
| | • സ്ഥലം | 1 | 4 സെന്റ് |

# പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

| നമ്പർ | പ്രവർത്തനം | ആകെ |
|---|---|---|
| 1 | നീതിവേദി ഓഫീസിൽ സഹായം തേടി വന്നവർ | 547 |
| 2 | ഗാർഹിക പീഡന പരാതികൾ | 101 |
| 3 | ഗാർഹിക പീഡന പരാതികൾ പരിഹരിച്ചത് | 82 |
| 4 | നീതിവേദിയിൽ വന്ന മറ്റ് പരാതികൾ | 31 |
| 5 | പരിഹരിച്ചവ | 16 |
| 6 | കോടതി മുഖേന ഫയൽ ചെയ്ത കേസുകൾ | 33 |
| 7 | കോടതി മുഖേന പരിഹരിച്ചവ | 13 |
| 8 | കൗൺസിലിംഗ് നൽകിയത് | 196 |
| 9 | കണ്ടെത്തിയ തർക്കവിഷയങ്ങൾ | 61 |
| 10 | സമാധാനപരമായി പരിഹരിച്ച തർക്കങ്ങൾ | 31 |
| 11 | ജനറൽ ബോഡി യോഗം | 1 |
| 12 | ഗവേർണിംഗ് ബോഡി യോഗം | 4 |
| 13 | നിലവിലുള്ള പഞ്ചായത്ത് തല പീസ് കമ്മറ്റികൾ | 20 |
| 14 | പീസ് കമ്മറ്റി അംഗങ്ങൾ | 487 |
| 15 | ജില്ലാ പീസ് ഫോറം | 1 |
| 16 | ജില്ലാ പീസ് ഫോറം എക്സിക്യൂട്ടീവ് അംഗങ്ങൾ | 25 |
| 17 | ജില്ലാ പീസ് ഫോറം യോഗം | 1 |
| 18 | ജില്ലാ പീസ് ഫോറം യോഗത്തിൽ പങ്കെടുത്തവർ | 37 |
| 19 | യൂത്ത് ക്ലബുകൾ | 6 |
| 20 | യൂത്ത് ക്ലബ് അംഗങ്ങൾ | 85 |
| 21 | യൂത്ത് ക്ലബ് ഭാരവാഹികളുടെ യോഗം | 1 |
| 22 | യൂത്ത് ക്ലബ് ഭാരവാഹികളുടെ യോഗത്തിൽ പങ്കെടുത്തവർ | 55 |
| 23 | സ്റ്റുഡന്റ്സ് ഹാർമണി ക്ലബ് | 15 |
| 24 | സ്റ്റുഡന്റ്സ് ഹാർമണി ക്ലബ് അംഗങ്ങൾ | 294 |
| 25 | കനൽ ക്യാമ്പുകൾ | 4 |
| 26 | വിദ്യാർത്ഥി സൗഹൃദക്ലബ് ഫസിലിറ്റേറ്റർമാർക്ക് പരിശീലനം | 2 |
| 27 | വനിതാ ഹാർമണി ക്ലബ് | 15 |
| 28 | വനിതാ ഹാർമണി ക്ലബ് അംഗങ്ങൾ | 179 |
| 29 | വനിതാ സൗഹൃദ ക്ലബ് ഭാരവാഹികളുടെ യോഗം | 1 |
| 30 | വനിതാ സൗഹൃദ ക്ലബ് ഭാരവാഹികളുടെ യോഗത്തിൽ പങ്കെടുത്തവർ | 27 |
| 31 | കോർ ടീം വോളണ്ടിയർമാർ | 40 |
| 32 | ബോധവത്ക്കരണ ക്ലാസ്സുകൾ | 79 |
| 33 | ബോധവത്ക്കരണ ക്ലാസ്സുകളിൽ പങ്കെടുത്തവർ | 2242 |
| 34 | അന്തർദേശീയ ആദിവാസി ദിനാചരണത്തിലും നീതിവേദിയുടെ 20-ാം വാർഷികാഘോഷത്തിലും പങ്കെടുത്തവർ | 320 |
| 35 | അന്തർദേശീയ വനിതാ ദിനാചരണത്തിൽ പങ്കെടുത്തവർ | 72 |
| 36 | ശിശുദിനാഘോഷത്തിൽ പങ്കെടുത്തവർ | 67 |
| 37 | ആദിവാസി നേതാക്കളുടെ യോഗത്തിൽ പങ്കെടുത്തവർ | 18 |
| 38 | മൈക്രോപ്ലാൻ തയ്യാറാക്കിയത് | 4 |
| 39 | ന്യൂസ് ബുള്ളറ്റിൻ | 4 |
| 40 | സ്റ്റാഫ് റിവ്യൂ മീറ്റിംഗ് | 9 |
| 41 | സ്റ്റാഫ് അംഗങ്ങൾക്ക് പരിശീലനം | 1 |
| 42 | നീതിവേദിയിൽ ഇന്റേൺഷിപ്പിനായി വന്നവർ | 58 |

# ഉപസംഹാരം

നീതിവേദിയുടെ പ്രവർത്തനങ്ങളിൽ വിവിധ ജില്ലാഭരണകൂടങ്ങളിൽ നിന്നും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും ഏറെ സഹകരണവും പിന്തുണയും അംഗീകാരവും ലഭിക്കുകയുണ്ടായി. പാർശ്വ വൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് കൂടുതൽ പ്രതീക്ഷയും നിയമ അവകാശങ്ങളിൽ വിശ്വാസവും ഉണ്ടാകുന്നതിനായി നീതിവേദി യുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തേതുണ്ട്. ഇതിനായി ഏവരു ടെയും ആത്മാർത്ഥമായ സഹായ സഹകരണങ്ങൾ അഭ്യർത്ഥിച്ചുകൊള്ളുന്നു.

**ഫ്ളയ്സി ജോസ്**
സെക്രട്ടറി

c.stocksy.com/723700






## NEETHI VEDHI

സുധിക്കവല, കാക്കവയൽ പി.ഒ
കൽപ്പറ്റ നോർത്ത്, വയനാട്– 673122
ഫോൺ– 04936 246788, 9496197378
neethivedhi@gmail.com
www.neethivedhi.org

